15 -ാം കേരള നിയമസഭ

9 -ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 128 | 12-09-2023 - ൽ മറുപടിയ്ക്ക്

## കാബ്കോ രൂപീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ കാർഷിക മേഖലയ്ക്ക് പുത്തൻ ഊർജ്ജം പകരുന്നതിന് കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) രൂപീകരിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ; | (എ) | **കേരളത്തിലെ കാർഷിക മേഖലയ്ക്ക് പുത്തൻ ഊർജ്ജം പകരുന്നതിനായി 07-08-2023 ലെ സ.ഉ. (കൈ) നം. 71/2023/അഗ്രി നമ്പർ പ്രകാരം കേരള അഗ്രോ ബിസിനസ് കമ്പനി രൂപീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.** |
| (ബി) | സംസ്ഥാനത്തെ കാർഷികരംഗത്തെ ഏതെല്ലാം മേഖലകൾക്കാണ് കാബ്കോ മുഖേന പ്രയോജനം ലഭിക്കുന്നത്; വിശദമാക്കുമോ; | (ബി) | 1. **കേരളത്തിൽ കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും സംസ്കരണത്തിനും ഊന്നൽ നൽകുന്നതിനായി അഗ്രി പാർക്കുകൾ, ഫ്രൂട്ട് പാർക്കുകൾ എന്നിവ സ്ഥാപിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഒരു അപെക്സ് ബോഡിയായി പ്രവർത്തിക്കുന്നതിന്.**<br>2. **കാർഷിക ഉത്പ്പന്നങ്ങളുടെ വിപണി അടിസ്ഥാനമാക്കിയ സംവിധാനത്തിന്റെ അഭാവം നികത്തുന്നതിനും കൂടാതെ ഉത്പാദനത്തിന്റെ കാലിക വിശകലനത്തിനുള്ള ഒരു ഏജൻസിയായും പ്രവർത്തിക്കുന്നതിന്.**<br>3. **കാർഷിക ഉത്പ്പന്നങ്ങൾക്കായി പൊതു ബ്രാൻഡിംഗ് നടപ്പിലാക്കുന്നതിന്.**<br>4. **മൂല്യവർധനയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ഒരു ഏജൻസിയായി പ്രവർത്തിക്കുന്നതിന്.**<br>5. **കേരള സർക്കാർ നടപ്പാക്കുന്ന മൂല്യവർധിത കാർഷിക മിഷന്റെ (VAAM) പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മൂല്യവർധിത ഉല്പന്നങ്ങളുടെ ദേശീയ-അന്തർദേശീയ വിപണി കണ്ടെത്തുന്നതിനുള്ള ഏജൻസിയായും പ്രവർത്തിക്കും. ഇതുവഴി ദേശീയ-അന്തർ ദേശീയ കയറ്റുമതി/ വിപണന** |

| | | | |
|---|---|---|---|
| | | | **പ്രവർത്തനങ്ങളിൽ കേരളത്തിലെ കർഷകരെ പ്രാപ്തരാക്കും.**<br>6. **കാർഷിക സംസ്കരണത്തിനുതകുന്ന യന്ത്ര സാമഗ്രികളുടെ സംഭരണത്തിനും സ്ഥാപനത്തിനുമായി ബന്ധപ്പെട്ട എസ്.പി.വി.കളുമായി മദ്ധ്യസ്ഥത വഹിക്കുന്നതിന്.**<br>7. **മാർക്കറ്റ് റിസർച്ച് അടിസ്ഥാനമാക്കി മത്സരാധിഷ്ഠിത വിലനിർണ്ണയ തന്ത്രം നടപ്പിലാക്കുന്നതിനും; കൂടാതെ വിവിധ മാർക്കറ്റിംഗ് പ്ലാറ്റ്ഫോമുകൾ, ഡിജിറ്റൽ മീഡിയ, സോഷ്യൽ മീഡിയ എന്നിവയിലൂടെയും മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ പ്രീ-ലോഞ്ച് ചെയ്യുന്നതിന്.**<br>8. **മൂല്യവർധന മേഖല, സംഭരണ മേഖല, ശീതീകരണ മേഖല തുടങ്ങിയവയിൽ മുതൽ മുടക്കി അടിസ്ഥാന സൗകര്യം ഒരുക്കി സംരംഭകരായി എത്തുന്ന കാർഷിക മേഖലയിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്.** |
| (സി) | കമ്പനിയുടെ രൂപീകരണം സംബന്ധിച്ച രൂപരേഖ തയ്യാറാക്കുന്നതിന് നിയോഗിച്ച വിദഗ്ദ്ധസമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (സി) | **ഉണ്ട്. കമ്പനിയുടെ രൂപീകരണം സംബന്ധിച്ച രൂപരേഖ തയ്യാറാക്കുന്നതിന് കൃഷി വകുപ്പ് സെക്രട്ടറി ചെയർമാനായും, നിയമം, Accountancy, Agri Business എന്നിവയിൽ നിന്നുള്ള വിദഗ്ധർ അടങ്ങിയ ഒരു കമ്മിറ്റി 05.05.2022 ലെ സ.ഉ. (സാധാ) നം.383/2022/കൃഷി നമ്പർ ഉത്തരവ് പ്രകാരം രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ (MoA), ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ (AoA) തയാറാക്കി സമർപ്പിക്കുകയുണ്ടായി.** |

സെക്ഷൻ ഓഫീസർ